7. ഓരോ സ്ഥാപനത്തിന്റെയും പ്രസവവും സിസേറിയനും സ്ഥാപന തലത്തിൽ ആഡിറ്റ് ചെയ്യുന്നുണ്ട്.

8. മാസന്തോറും ഈ ആഡിറ്റുകളും റിപ്പോർട്ടുകളും ജില്ലാ മെഡിക്കൽ ഓഫീസർ തലത്തിലുള്ള സമിതി അവലോകനം ചെയ്യുന്നു.

9. ഈ റിപ്പോർട്ടുകൾ സ്ഥാപനതലത്തിലും അവലോകനം ചെയ്ത് നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

ഇത്തരത്തിലുള്ള നിയന്ത്രണങ്ങളുടെയും നടപടികളുടെയും ഫലമായി സിസേറിയൻ നിരക്ക് പരമാവധി കുറച്ചുകൊണ്ടുവരുന്നു. കാസർഗോഡ്, കൊല്ലം ജില്ലകളിലെ സർക്കാർ ആശുപത്രികളിലും എറണാകുളം, കോട്ടയം, തൃശ്ശൂർ ജില്ലകളിലെ സ്വകാര്യ ആശുപത്രികളിലും 2013-14 വർഷത്തേക്കാൾ 2014-15-ൽ നിരക്ക് നേരിയ തോതിൽ കുറഞ്ഞുവന്നിട്ടുണ്ട്. തുടർന്നും സിസേറിയൻ നിരക്ക് കൂടാതിരിക്കാനായി കർശന നിരീക്ഷണം നടന്നുവരുന്നു.

മെഡിക്കൽ/ഡെന്റൽ കൗൺസിലിന്റെ അംഗീകാരം

28 (*538) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഡിക്കൽ കൗൺസിൽ, ഡെന്റൽ കൗൺസിൽ എന്നിവയുടെ അംഗീകാരം നഷ്ടമാകുന്നതുമൂലം സംസ്ഥാനത്തെ ഏതെങ്കിലും കോളേജുകളിൽ സീറ്റ് നഷ്ടമാകുന്ന സ്ഥിതി വിശേഷം നിലവിലുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം നൽകാമോ;

(ബി) സംസ്ഥാനത്ത് എല്ലാ കോളേജുകളിലും കൂടി എത്ര സീറ്റുകളാണ് ഓരോ വിഭാഗത്തിലും ഉള്ളത് എന്നതു സംബന്ധിച്ച വിവരം വ്യക്തമാക്കുമോ ;

(സി) മെഡിക്കൽ, ഡെന്റൽ കൗൺസിലുകളുടെ പ്രതികൂല ഇടപെടൽ ഉണ്ടാകാതിരിക്കാൻ ആവശ്യമായ മുൻകരുതൽ നടപടികൾക്ക് നിർദ്ദേശം നൽകുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

LIBRARY ARCHIVES Kerala Legislative Assembly

(എ) സർക്കാർ മെഡിക്കൽ കോളേജുകളിൽ നിലവിലുള്ള സീറ്റുകൾ നഷ്ടമാകുന്ന സ്ഥിതിയില്ല. എന്നാൽ ഈ അദ്ധ്യയന വർഷം ആലപ്പുഴ ഡെന്റൽ കോളേജിൽ റിന്യൂവലിനും തൃശ്ശൂർ ഡെന്റൽ കോളേജിൽ പുതുതായും പ്രവേശനത്തിന് കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിൽനിന്നും അനുമതി പത്രം ലഭിച്ചിട്ടില്ല. ആയത് ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത കോളേജുകളിലെ 100 സീറ്റുകളിലേയ്ക്കും പ്രവേശനം നടത്തുവാൻ കഴിയുന്നതാണ്. ഈ വർഷത്തെ പ്രോസ്പെക്ടസിൽ ഉൾപ്പെടുത്തിയിരുന്ന പതിനാല് സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ ആറ് കോളേജുകൾക്ക് മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭിച്ചിട്ടില്ല.

(ബി) സംസ്ഥാനത്ത് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിൽ എ.ബി.ബി.എസ്.-ന് 1150 സീറ്റുകളും പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിനുകീഴിലെ പാലക്കാട് മെഡിക്കൽ കോളേജിൽ 100 സീറ്റുകളുമുണ്ട്. ഡെന്റൽ കോളേജുകളിൽ ആകെ 190 സീറ്റുകളാണുള്ളത്. സ്വാശ്രയ മേഖലയിൽ മെഡിക്കൽ വിഭാഗത്തിൽ 1600 സീറ്റും ഡെന്റൽ മേഖലയിൽ 1300 സീറ്റും ഉണ്ട്. പരിയാരം മെഡിക്കൽ കോളേജിൽ 100 മെഡിക്കൽ സീറ്റും 60 ഡെന്റൽ സീറ്റും നിലവിലുണ്ട്.

(സി) അടിസ്ഥാന സൗകര്യങ്ങളൊരുക്കുകയും അദ്ധ്യാപകരെയും അനദ്ധ്യാപകരെയും നിയമിക്കുകയുംവഴി കൗൺസിലുകളുടെ അനുമതി ഉറപ്പാക്കാവുന്നതാണ്.

ജീവനക്കാർക്കുള്ള ഇ.എസ്.ഐ. ആനുകൂല്യങ്ങൾ

29 (*539) ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. പി. കെ. ഗുരുദാസൻ :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ.എസ്.ഐ. പദ്ധതി മുഖേന സ്വകാര്യ-പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭ്യമാക്കുന്നതെന്ന് അറിയിക്കുമോ ;

(ബി) പദ്ധതിക്കുള്ള തുക ആരാണ് വഹിച്ചിരുന്നതെന്നും നിലവിൽ അതിന് എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോയെന്നും എങ്കിൽ അത് എന്താണെന്നും വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly